# കുടുംബത്തിന്റെ ഐശ്വര്യത്തിന് ഭദ്രകാളി ഉപാസന

**ദേവനാരായണൻ നമ്പൂതിരി**

കേരളത്തിലെ ഭൂരിപക്ഷം ഹൈന്ദവർക്കും ഭദ്രകാളി ഉപാസനയുമായി എന്തെങ്കിലും തരത്തിലുള്ള പൂർവ്വബന്ധം കാണാറുണ്ട്. പല പല ഉപാസനാകർമ്മങ്ങൾ അനുഷ്ഠിച്ചിട്ടും കുടുംബത്തിൽ ദുരിതങ്ങൾ ഒഴിയാതിരിക്കുക, മംഗളകർമ്മങ്ങൾ യഥാസമയം നടക്കുന്നതിനു തടസ്സങ്ങൾ നേരിടുക, എത്ര പ്രയത്നിച്ചാലും അഭിവൃദ്ധിയും ഐശ്വര്യവും ഉണ്ടാകാതിരിക്കുക തുടങ്ങിയവ പല കുടുംബങ്ങളിലും അനുഭവപ്പെട്ടുകാണാറുണ്ട്. ഇതിനു കാരണവും പരിഹാരവുമന്വേഷിച്ചു പോകുമ്പോഴാകും പലപ്പൊഴും ആ കുടുംബത്തിന്റെ ഭദ്രകാളീബന്ധം വെളിപ്പെട്ടു കിട്ടുക.

കാവിലമ്മയായും കളരിമൂർത്തിയായും കുടുംബദേവതയായും ദേശദേവതയായുമൊക്കെ കേരളത്തിൽ ഏറ്റവുമധികം ആരാധിക്കപ്പെടുന്ന ദേവതയാണ് ഭദ്രകാളി. അതുകൊണ്ടുതന്നെ നമ്മുടെ പൂർവ്വികർക്ക് ഏതെങ്കിലും തരത്തിലുള്ള ഭദ്രകാളീബന്ധം ഉണ്ടായിരുന്നിരിക്കാനുള്ള സാധ്യത വളരെയധികമാണ്. പൂർവ്വികർ നടത്തിയിരുന്ന ഉപാസനാദികൾക്ക് പിൽക്കാലത്ത് ലോപം സംഭവിക്കുന്നത് ദുരിതകാരണമായി ഭവിക്കും. പൂർവ്വികർ നടത്തിയിരുന്ന ഉപാസനകൾ കൃത്യമായി തുടരാൻ കഴിയാതിരിക്കുക, പൂർവ്വികർ പ്രാർത്ഥനാപൂർവ്വം പ്രസാദിപ്പിച്ചിരുന്ന അമ്മയെ പിൻതലമുറ അവഗണിക്കുക, ഭദ്രകാളിയെ ഭാവസ്വരൂപാദികൾ മാറ്റി ഭുവനേശ്വരിയായും വനദുർഗ്ഗയായും മറ്റും പ്രതിഷ്ഠിക്കുക തുടങ്ങിയവയൊക്കെ ദുരിതകാരണമാണെന്നതിന് എത്രയോ അനുഭവങ്ങൾ ചുറ്റുമുണ്ട്. അതുപോലെ, ദേവിയുടെ സമ്പത്തിന്റെ ഒരംശമെങ്കിലും സ്വന്തം സമ്പത്താക്കി മാറ്റിയിട്ടുണ്ടെങ്കിൽ അതും ദുരിതങ്ങൾക്ക് കാരണമാകും എന്നതാണനുഭവം.

## അമ്മ ഭക്തനെ കാത്തിരിക്കും

ഏതെങ്കിലും തരത്തിൽ പൂർവ്വബന്ധമുള്ള ഒരു ഭക്തനെ അമ്മ കാത്തിരിക്കും എന്നു വിശ്വാസമുണ്ട്. പൂർവ്വികർ ഏതെങ്കിലും തരത്തിൽ ഉപാസിച്ചിരുന്ന ദേവതയെ പിൻതലമുറയിൽപ്പെട്ടവരും ഉപാസിച്ചാൽ അതിവേഗം അനുഗ്രഹവും ഐശ്വര്യവും കൈവരും എന്നതിൽ തർക്കമില്ല. ആ ഉപാസനാപുണ്യം തലമുറതലമുറയായി കൈമാറിവരുന്ന ഒന്നാണ്. പൂർവ്വബന്ധമുള്ള ദേവതാചൈതന്യത്തെ പിൻതലമുറിയിൽപ്പെട്ടവർ അവഗണിയ്ക്കുമ്പോഴാണ് ദുരിതങ്ങൾ വർദ്ധിക്കുന്നത്. ഭദ്രകാളിയുമായി പൂർവ്വബന്ധമുള്ളവരാവും നമ്മിലേറെപ്പേരും. ദേശദേവതയായിത്തന്നെ കേരളത്തിൽ അങ്ങോളമിങ്ങോളം ഭദ്രകാളീക്ഷേത്രങ്ങളുണ്ടല്ലോ. ആ ദേശത്തിൽ കുടുംബവും വേരുകളുമുള്ളിടത്തോളംകാലം ഭദ്രകാളീപ്രീതി അത്യന്താപേക്ഷിതമാണ്.

നമ്മുടെ പൂർവ്വപരമ്പരയിയിലെവിടെയോ ഉണ്ടായിരുന്ന ഒരമ്മ, അല്ലെങ്കിൽ അമ്മമാർ, അല്ലെങ്കിൽ പൂർവ്വപിതാക്കന്മാർ; ഇവർ പ്രാർത്ഥിക്കുകയും പ്രസാദിപ്പിക്കുകയും ചെയ്ത ഒരു ദേവതാശക്തിയെ തലമുറകൾക്കുശേഷം ആ പരമ്പരയിലെ ഒരാൾ പ്രാർത്ഥിച്ചുപ്രസാദിപ്പിച്ചാൽ കൈവരുന്ന അനുഗ്രഹം അത്ഭുതകരമായിരിക്കും. ആ ദേവത നമ്മെ കാത്തിരിക്കയാവും എന്നാണു വിശ്വാസം. ദീർഘകാലമായി കാണാതിരുന്ന മകനെ കാണുമ്പോഴുണ്ടാകുന്ന അമ്മയുടെ സന്തോഷംപോലെ ഇവിടെ ദേവിയുടെ അനുഗ്രഹം പ്രവഹിക്കുന്നു. ഇത്തരത്തിൽ ഭദ്രകാളിയുമായി പൂർവ്വബന്ധം ഊട്ടിയുറപ്പിക്കുന്നതിനും ഭദ്രകാളിയെ ഇഷ്ടദേവതയായും ദേശദേവതയായും ആരാധിക്കുന്നതിനും ഏറ്റവും ഉപയുക്തമായ ഗ്രന്ഥമാണ് ഭദ്രകാളീമാഹാത്മ്യം.

## ഭൂമിയിലെ ദേവതാസാന്നിധ്യം

ഭൂമിയിൽ തലമുറതലമുറയായി തുടരുന്ന ദേവതാസാന്നിധ്യത്തെ ഒഴിവാക്കുക എളുപ്പമല്ല. വാസസ്ഥലങ്ങളുടെ എണ്ണം അനിയന്ത്രിതമായി പെരുകിക്കൊണ്ടിരിക്കുന്ന കേരളത്തിൽ പല ഗൃഹങ്ങളും സ്ഥിതിചെയ്യുന്ന ഭൂമിയിൽ ദേവതാസാന്നിദ്ധ്യമുണ്ടാകാനുള്ള സാധ്യത ഏറെയാണ്. അതിലേറെയും ഭദ്രകാളീചൈതന്യമാകാനുമാണ് സാധ്യത. ഇത് പല ദുരിതങ്ങൾക്കും കാരണമാകും. പ്രസ്തുത ഗൃഹങ്ങളിൽ ഭദ്രകാളീപ്രാർത്ഥന ഭക്തിപൂർവ്വം വിളക്കുവച്ചു നടത്തുന്നതു പതിവാക്കുക. ദുരിതാനു

ഭവങ്ങൾ മാറിത്തുടങ്ങും. ഭദ്രകാളീപ്രതിഷ്ഠയോ വിപുലമായ ദേവതാപ്രീതികർമ്മങ്ങളോ ഒന്നും നടത്തേണ്ടതില്ല. പല കുടുംബങ്ങളിലും ഇത്തരം കർമ്മങ്ങൾ നടത്താനുള്ള സാഹചര്യവും ഉണ്ടാകാനിടയില്ല. ഭക്തിപൂർവ്വമുള്ള പ്രാർത്ഥനതന്നെ ഏറ്റവും പ്രായോഗികവും ഫലപ്രദവും.

## ഭദ്രകാളീമാഹാത്മ്യം അതിശക്തം

ഒരുകാലത്ത് കേരളത്തിലെ ഭദ്രകാളീക്ഷേത്രങ്ങളിൽ പരക്കെ പാരായണം ചെയ്യപ്പെട്ടിരുന്ന ഗ്രന്ഥമായിരുന്നു ഭദ്രകാളീമാഹാത്മ്യം. ഇന്നും പല ക്ഷേത്രങ്ങളിലും ധർമ്മദേവതാസ്ഥാനങ്ങളിലും ഇതു തുടരുന്നുമുണ്ട്. ഇതിലെ അതിദിവ്യവും അതിശക്തവുമായ സ്തോത്രങ്ങൾ വീടുകളിൽ സന്ധ്യാസമയത്ത് ജപിക്കുന്ന പതിവുമുണ്ടായിരുന്നു. ദേവീമാഹാത്മ്യം പതിനൊന്നാം അധ്യായം പോലെ വിശിഷ്ടമാണ് ഭദ്രകാളീമാഹാത്മ്യം ഒൻപതാം അദ്ധ്യായം ഒന്നു മുതൽ ഇരുപത്തൊൻപതുവരെയുള്ള ശ്ലോകങ്ങളടങ്ങിയ സ്തുതി. പൂർവ്വികമായ ദോഷങ്ങൾ നശിക്കുന്നതിനും ശത്രുദോഷം പരിഹരിക്കുന്നതിനും ഐശ്വര്യത്തിനുമായി ആർക്കും ജപിക്കാവുന്ന സ്തോത്രമാണിത്. ധർമ്മദേവതാക്ഷേത്രങ്ങളിൽ വർഷത്തിലൊരിക്കൽ കുടുംബാംഗങ്ങൾ ഒത്തുചേർന്ന് ഭദ്രകാളീമാഹാത്മ്യം പാരായണം ചെയ്യിച്ചിരുന്നതും ഒരുകാലത്ത് പതിവായിരുന്നു. ഇത്തരം ഉപാസനകൾ തുടർന്നാൽ ജീവിതത്തിലും കുടുംബത്തിലും അതിവേഗമാണ് മാറ്റങ്ങളുണ്ടാവുക.

ഏറ്റവും വിശ്വാസവും ആത്മബന്ധവുമുള്ള പ്രിയക്ഷേത്രത്തിലെ ഭദ്രകാളിയെ തീവ്രമായി മനസ്സിൽ ഭാവന ചെയ്ത് ഭദ്രകാളീമാഹാത്മ്യം പാരായണം ചെയ്യുകയോ അതിലെ സ്തോത്രങ്ങൾ ജപിക്കുകയോ ചെയ്യുക. നിത്യവുമോ ചൊവ്വ, വെള്ളി ദിവസങ്ങളിലോ ജപിക്കാം. പുരോഗതിക്കു പ്രതിബന്ധമായി നിൽക്കുന്ന പല ദോഷങ്ങളും ഉപദ്രവങ്ങളും ക്ഷണത്തിൽ ഇല്ലാതാകും. കരുത്തിന്റെ പ്രതീകമായ ഭദ്രകാളി തടസ്സങ്ങളെയും ബാധോപദ്രവങ്ങളെയുമൊക്കെ അതിശക്തമായി തട്ടിത്തകർക്കുന്നവളാണ്. മനസ്സുരുകി, ഭക്തിപൂർവ്വം അമ്മയെ സ്തുതിച്ചാൽ മതി.

ഇക്കാലത്ത് പലർക്കും തങ്ങളുടെ ധർമ്മദൈവം ഏതാണെന്നുപോലും അറിയില്ല. ധർമ്മദൈവസ്ഥാനം എവിടെയാണെന്നോ, എങ്ങനെ ധർമ്മദൈവാരാധന നടത്തണമെന്നോ അറിയില്ല. മൂലകുടുംബത്തിൽനിന്നു വേർപെട്ട് വിവിധ പ്രദേശങ്ങളിലും വിദേശത്തും മറ്റും താമസമുറപ്പിച്ചിട്ടുള്ളവർക്ക് യഥാവിധി ധർമ്മദൈവാരാധന നടത്തുന്നതിനും കഴിയുന്നില്ല. അവർക്കും ഭദ്രകാളിയെ ആരാധിക്കുന്നതിന് ഏറ്റവും ഉപയുക്തമായ ഗ്രന്ഥമാണ് ഭദ്രകാളീമാഹാത്മ്യം.